بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Summary 12.09.14 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

*12.09.14 ന് ബൈത്തുൽ ഫുതൂഹ്, ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം*

## അല്ലാഹുവിന്റെ സഹായങ്ങൾ; ഈമാൻ ദൃഢീകരിക്കുന്ന സംഭവങ്ങൾ

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹ തിലാവത്തിനും ശേഷം ഹുദൂർ അൻവർ അയ്യദഹുല്ലാഹു തആലാ ബിനസ്രിഹിൽ അസീസ് പറഞ്ഞു:

കഴിഞ്ഞ ദിവസം അമേരിക്കയിൽനിന്ന് എനിക്കൊരു കത്ത് വന്നു. അതിൽ പറയുന്നു: ഏതെല്ലാം രീതിയിലാണ് ജനങ്ങൾ അഹ്മദിയ്യാ ജമാഅത്തിൽ ചേർന്നുകൊണ്ടിരിക്കുന്നത്, തബ്ലീഗ് മുഖേനയും അല്ലാഹുവിൽനിന്ന് നേരിട്ടും എങ്ങനെയാണ് മാർഗദർശനം ജനങ്ങൾക്ക് കിട്ടുന്നത്, ഇതു മുഖേന അഹ്മദിയ്യത്തിലേക്ക് ജനങ്ങളുടെ ശ്രദ്ധ ഉണ്ടാകുന്നത്, ജനങ്ങൾ ഈമാനിൽ ശക്തിപ്രാപിച്ചുകൊണ്ടിരിക്കുന്നത്, അഹ്മദിയ്യത്തിന്റെ സത്യം അവരുടെ മനസ്സുകളിൽ ആഴ്ന്നിറങ്ങിക്കൊണ്ടിരിക്കുന്നത്, തുടങ്ങി ഓരോ സംഭവങ്ങളും അങ്ങ് പ്രസംഗത്തിൽ വിവരിക്കുന്നത് കേട്ടപ്പോൾ, അദ്ദേഹം പറയുന്നു: 'ഞാൻ മുഖേനയും ലോകത്തിലെ ഏതെങ്കിലും ഒരു ഭാഗത്ത് ആരെങ്കിലും അഹ്മദിയ്യത്തിൽ ചേരുകയും ഇതുപോലുള്ള അടയാളങ്ങൾ എനിക്കും കാണാൻ കഴിയുകയും ചെയ്തിരുന്നെങ്കിൽ എന്ന് ഞാൻ ആശിച്ചുപോയി.' അദ്ദേഹം പറയുന്നു: 'കുറച്ചു കഴിഞ്ഞ് എന്റെ ഫോൺ ബെല്ലടിച്ചു. വിളിച്ചത് ഒരു സ്ത്രീയായിരുന്നു. അവർ പറഞ്ഞു:'വെബ്സൈറ്റിൽനിന്ന് എനിക്ക് താങ്കളുടെ നമ്പർ കിട്ടിയതുകൊണ്ടാണ് ഇപ്പോൾ വിളിക്കുന്നത്. എനിക്ക് ഇസ്ലാമിനോടു താൽപര്യമുണ്ട്. ഞാൻ താങ്കളെ കാണാൻ ആഗ്രഹിക്കുന്നു.' അദ്ദേഹം അവരോട് വരാൻ പറഞ്ഞു. അങ്ങനെ ദീർഘമായ യാത്രചെയ്ത് അവർ അദ്ദേഹത്തിന്റെ അടുക്കലെത്തി. തന്റെ അവസ്ഥകളും എങ്ങനെയാണ് ഇസ്ലാമിനോട് താൽപര്യമുണ്ടായത് തുടങ്ങിയ കാര്യങ്ങളും വിവരിച്ചു. പിന്നീട് ഇന്റർനെറ്റിലൂടെ അവർ കൂടുതൽ കാര്യങ്ങൾ മനസ്സിലാക്കി. ഇക്കാരണത്താൽ കട്ടർ ക്രിസ്ത്യാനികളായ അവരുടെ ഭർത്താവും ഭർതൃപിതാവും അവർക്കെതിരായി. അങ്ങനെ അവരുടെ വെറുപ്പ് സമ്പാദിച്ചു. ഇതുകൊണ്ടുതന്നെ ഭർത്താവ് വേർപെട്ടു. അവർക്ക് രണ്ട് കുട്ടികളുണ്ട്. കോടതിവിധിപ്രകാരം ആ മക്കളേയും ഭർത്താവിന് കൊടുക്കേണ്ടി വന്നു. പക്ഷേ, എന്തായാലും എല്ലാം ഉപേക്ഷിച്ചുകൊണ്ട് സത്യന്വേഷണത്തിന് അവർ മുൻഗണന നല്കി. അവർ പറയുന്നു:'അഹ്മദിയ്യാ ജമാഅത്തിന്റെ സൈറ്റിൽപോയി ആഴത്തിൽ പഠിക്കാനും എം.ടി.എ. പതിവായി കാണാനും തുടങ്ങി.' ഇങ്ങനേയും പറഞ്ഞു: 'മറ്റു മുസ്ലിം കക്ഷികളെക്കുറിച്ചും ഞാൻ മനസ്സിലാക്കി. പക്ഷേ, അവിടെയൊന്നും എനിക്ക് തൃപ്തി വന്നില്ല. ഇസ്ലാമിനെക്കുറിച്ച് ഓർക്കുമ്പോഴെല്ലാം ജമാഅത്തിന്റെ സാഹിത്യങ്ങൾ വായിക്കുന്നതിലേക്കാണ് എന്റെ ശ്രദ്ധ പോയത്.' കഴിഞ്ഞ ദിവസം ഞങ്ങളുടെ ജൽസ പരിപാടി എം.ടി.എ യിൽ വന്നിരുന്നുവെന്ന് നമ്മുടെ ഈ അഹ്മദി അവരോട് പറഞ്ഞപ്പോൾ, താനത് ശ്രവിച്ചുവെന്നും ഇപ്പോൾ താൻ യഥാർഥ ഇസ്ലാമിൽ ചേരാൻ ആഗ്രഹിക്കുന്നുവെന്നും അവർ പറഞ്ഞു. അദ്ദേഹം എഴുതുന്നു: 'ഞങ്ങളുടെ ഈ സംസാരം നടക്കുമ്പോൾ എന്റെ മകളും അവിടെ ഉണ്ടായിരുന്നു. (ആ കുട്ടി യൂണിവേഴ്സിറ്റിയിൽ പഠിക്കുകയാണെന്നാണ് തോന്നുന്നത്). അവൾ പറഞ്ഞു:'ജൽസയിൽ പുതിയതായി ജമാഅത്തിൽ പ്രവേശിക്കുന്നവരെക്കുറിച്ച് പറഞ്ഞപ്പോൾ-എങ്ങനെയാണ് അവർ അഹ്മദിയ്യത്ത് സത്യമാണെന്ന് വിശ്വസിച്ചതെന്നും എങ്ങനെ അല്ലാഹുവിൽനിന്ന് മാർഗദർശനം ലഭിച്ചുവെന്നുമുള്ള വിവരണം കേട്ടപ്പോൾ കുറച്ച് കഥകളും കുറച്ച് അതിശയോക്തിയുമൊക്കെ ഉണ്ടായിരിക്കാമെന്നാണ് ഞാൻ ധരിച്ചത്. പക്ഷേ, ഈ സ്ത്രീയുടെ സംസാരം കേട്ടപ്പോൾ അതൊന്നും അതിശയോക്തിയല്ലെന്നും അല്ലാഹു ലോക മനസ്സുകളെ തിരിച്ചുകൊണ്ടിരിക്കുകയാണെന്നും എനിക്കു മനസ്സിലായി. എങ്ങനെയാണ് അല്ലാഹു മാർഗദർശനം നല്കുന്നത്? അതുമുഖേന എന്റെ ഈമാനും പുതിയതായി.

പ്രസംഗത്തിൽ പറയാനായി സംഭവങ്ങൾ തിരഞ്ഞെടുക്കാറാണുള്ളത്. സമയ പരിമിതി നിമിത്തം അതും അവിടെ പൂർണമായും പറയാൻ അവസരം കിട്ടാറില്ല. അതുകൊണ്ട് നടപ്പുവർഷം അവസരം കിട്ടിയാൽ ബാക്കി പറയുന്നതാണെന്ന് കഴിഞ്ഞ വർഷം ഞാൻ പറഞ്ഞിരുന്നു. പക്ഷേ, എന്തായാലും കുറച്ചു വിവരിച്ചു, കുറച്ച് വിവരിക്കാൻ കഴിഞ്ഞില്ല. പിന്നീട് ഈ വർഷത്തെ സംഭവങ്ങൾ കുന്നുകൂടി.

എന്തായാലും ഇത് ഞാൻ വിവരിക്കുന്നത് നമ്മുടെ ഈമാൻ ശക്തമാകുന്നതിന് വേണ്ടിയാണ്. നമ്മൾ നമ്മെ കുറിച്ച് വിലയിരുത്താനാണ്. അഹ്മദിയ്യത്ത് സ്വീകരിച്ചതിനുശേഷം എത്രത്തോളം നാം അത് കരസ്ഥമാക്കണം എന്ന് മനസ്സിലാക്കാനാണ്. പുതിയതായി ജമാഅത്തിൽ പ്രവേശിച്ചവരുടെ കുറച്ചു സംഭവങ്ങൾ, അവർക്കെങ്ങനെയാണ് അല്ലാഹു മാർഗദർശനം നല്കിയത് തുടങ്ങിയ കാര്യങ്ങൾ ഇന്നും ഞാൻ പറയുന്നതാണ്. ഇത് രസകരമായ കാര്യങ്ങളാണെന്ന് കരുതി കേൾക്കരുത്. ഇതൊരു യാഥാർഥ്യമാണ്. വിശ്വാസവർധനവിന് ഇത് കാരണമായിത്തീരുന്നു. കാരണമായിത്തീരേണ്ടതുമാണ്. ഇത് നമ്മുടെ അവസ്ഥകളെ വിലയിരുത്താൻ പ്രേരിപ്പിക്കേണ്ടതാണ്. ജമാഅത്തിനോടുള്ള അല്ലാഹുവിന്റെ പെരുമാറ്റം കണ്ട് അവനോട് കൃതജ്ഞതാവികാരങ്ങളുടെ പ്രക

ടനം ഉണ്ടാകേണ്ടതാണ്. ഇത് നമ്മുടെ ചുമതലാബോധവും ആ ചുമതല നിറവേറ്റാനുള്ള ശ്രദ്ധയും ഉണ്ടാക്കുന്നതാവണം. ലോകം മുഴുവൻ സത്യസന്ദേശം എത്തിക്കുക. ലോകത്തിന് വഴികാട്ടുക. ഇന്ന് നമ്മുടെ ജോലി ഇതാണ്. ഇത് നമ്മുടെ നിർബന്ധ കടമയുമാണ്. അതുകൊണ്ട് ഈ ജോലി നിർവഹിക്കുന്നതിന് എവിടെയൊക്കെ നമ്മുടെ പരിശ്രമം ആവശ്യമുണ്ടോ അവിടെയൊക്കെ നമ്മുടെ പ്രവർത്തികളെ അല്ലാഹു പറഞ്ഞ രീതീയനുസരിച്ച് വാർത്തെടുക്കേണ്ട ആവശ്യമാണുള്ളത്. നമ്മുടെ കർമപരമായ മാതൃക പുതിയതായി വരുന്നവരുടെ ഈമാന് കൂടുതൽ കരുത്ത് പകരുന്നതാകണം.

ഞാൻ പറഞ്ഞതുപോലെ അല്ലാഹുവിന്റെ സഹായങ്ങളുടേയും അവന്റെ മാർഗദർശനരീതിയേയും സംബന്ധിച്ച ചില മാതൃകകൾ ഞാൻ സമർപിക്കുകയാണ്.

ടുണീസിൽനിന്ന് മനിയ സാഹിബ എഴുതുന്നു: 'എനിക്ക് വായനയോട് വളരെ താൽപര്യമാണ്. ഞാൻ വിശുദ്ധ ഖുർആനും നിരവധി ഇസ്ലാമിക ഗ്രന്ഥങ്ങളും വായിച്ചു. പക്ഷേ, പല കാര്യങ്ങളും മനസ്സിലായില്ല. ഉദാഹരണത്തിന് നിസാഅ് എന്ന അധ്യായത്തിലെ വചനമായ **വമാ ഖതലൂഹു വമാ സ്വലബൂഹു വലാക്കിൻ ശുബ്ബിഹ ലഹും** എന്ന വചനം. ഇപ്രകാരംതന്നെ ഈസാനബിയുടെ മരണത്തെകുറിച്ച് പ്രതിപാദിക്കുന്ന മറ്റു വചനങ്ങളും എന്റെ ശ്രദ്ധാകേന്ദ്രമായിരുന്നു. മസീഹ്(അ) മരിച്ചുപോയോ? ജീവനോടെ ആകാശത്തുണ്ടോ? പിന്നീട് രിയാളുസ്സ്വാലിഹീനിൽ ദജ്ജാലിന്റെ വിശേഷതകൾ വായിച്ചു. ഉത്തമ സമുദായത്തിൽ അല്ലാഹു അത്തരം വ്യക്തിയെ എങ്ങനെ അയാക്കാനാണെന്ന് ചിന്തിച്ചു. ഈസാ(അ) ആകാശത്തിരുന്ന് എന്തെടുക്കുകയായിരിക്കുമെന്നും വിചാരിക്കാതിരുന്നില്ല. ഈ ചിന്താഗതികൾ കാരണത്താൽ വളരെ പ്രയാസപ്പെട്ടു. സന്മാർഗത്തിനായി അല്ലാഹുവിനോട് ദആ ചെയ്തു. ഒരിക്കൽ ടി.വി.ചാനൽ മാറ്റിക്കൊണ്ടിരിക്കുമ്പോൾ പെട്ടെന്ന് എം.ടി.എ കിട്ടി. അത് മറ്റെല്ലാ ദീനീ ചാനലുകളിൽനിന്നും വ്യത്യസ്തമായിരുന്നു. അപ്പോൾ അതിൽ ഒരു പാതിരിയുമായിട്ട് ഈസാനബിയുടെ മരണത്തെ സംബന്ധിച്ചുള്ള സംവാദമാണ് നടന്നിരുന്നത്. മറ്റു ചാനലുകൾക്ക് വിപരീതമായി അവതാരകന്റേയും മറ്റു പങ്കെടുക്കുന്നവരുടേയും സംസാരം മാന്യമായിട്ടുള്ളതായിരുന്നു. ആ ചർച്ചക്കിടയിൽ മസീഹ് മൗഊദ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)വെളിപ്പെട്ടു കഴിഞ്ഞിരിക്കുന്നവെന്ന് മനസ്സിലായി. പിന്നീട് പതിവായിട്ട് എം.ടി.എ കണ്ടുകൊണ്ടിരുന്നു. എല്ലാ പ്രശ്നങ്ങളും മെല്ലെ മെല്ലെ മനസിലാകാൻ തുടങ്ങി. പിന്നീട് 'ഞാൻ അഹ്മദിയാകുന്നതുവരെ എന്നെ മരിപ്പിക്കരുതേ' എന്ന് അല്ലാഹുവിനോട് ദുആ ചെയ്തു. അവസാനം ബയ്അത്ത് ചെയ്ത് അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിച്ചു. അല്ലാഹുവിന്റെ അപാരമായ ഔദാര്യമാണ് എന്നിലുണ്ടായത്.

യമനിൽനിന്ന് റമദാൻ സാഹിബ് താൻ ബയ്അത്ത് ചെയ്ത സംഭവം എഴുതുന്നു: 'എനിക്ക് ചൈനയിൽപോയിഅവരുടെ സമൂഹത്തിൽ താമസിക്കാൻ അവസരം കിട്ടി. അവർ നല്ല ആളുകളാണെന്ന് ഞാൻ കണ്ടു. അവരുടെ സൽപെരുമാറ്റത്തിൽനിന്ന് ചില അറബികൾ മുതലെടുക്കുന്നതും ഞാൻ കണ്ടു. എന്നല്ല അവരെ ചീത്ത പറയുകയും ചെയ്യുന്നു. ഇക്കൂട്ടർ അവരുടെ സൽസ്വഭാവവും സൽകർമവും ഉണ്ടായിട്ടും നരകാവശികളും നാമമാത്ര മുസ്ലീംകളായ നമ്മൾ സ്വർഗാവകാശികളും ആകുന്നതെങ്ങനെ എന്ന് ഞാൻ ചിന്തിച്ചുപോയി.' ഇതിനുശേഷം അദ്ദേഹം പറയുന്നു:'ഞാൻ അന്വേഷണം ആരംഭിച്ചു. ഇസ്ലാമിക ഗ്രന്ഥങ്ങൾ വയിക്കാൻ തുടങ്ങി. ഈ അന്വേഷണം തുടർന്നുകൊണ്ടേപോയി. വിവിധ ഇസ്ലാമിക ഗ്രന്ഥങ്ങളും ചാനലുകളും കണ്ടു. ആയിടെ ഒരു ദിവസം പെട്ടെന്ന് എം.ടി.എ ചാനൽ കാണാൻ അവസരം കിട്ടി. അതിൽ വിവരിക്കപ്പെടുന്ന തെളിവുകൾ എത്രമാത്രം ശക്തമായിരുന്നുവെന്നാൽ അവയുടെ ശക്തിയും ഗാംഭീര്യവും കണ്ട് എന്റെ ശരീരം വിറയ്ക്കാൻ തുടങ്ങി. ശരീരത്തിൽ വൈദ്യുതി പ്രവഹിക്കുന്നതുപോലെ അനുഭവപ്പെട്ടു. അതിനുശേഷം സ്ഥിരമായിട്ട് എം.ടി.എ കാണാൻ തുടങ്ങി. അത് കണ്ട്കണ്ട് അനിയന്ത്രിതമായി കരയാൻ തുടങ്ങി. പക്ഷേ, എന്തിനാണ് കരയുന്നതെന്ന് അറിയില്ലായിരുന്നു. അല്ലാഹു അവൻ തന്നെയാണ് ഈ ചാനലിലേക്ക് എനിക്ക് മാർഗദർശനം നല്കിയതെന്ന വിചാരം അതിജയിച്ചുനിന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യം അറിയുന്നതിനുവേണ്ടി അല്ലാഹുവിനോട് അധികമായി ദുആ ചെയ്തു. അതിന്റെ മറുപടി എപ്പോഴും എനിക്ക് ശരീരത്തിന്റെ വിറയലിലൂടേയും മനസംതൃപ്തിയുടെ രൂപത്തിലും കിട്ടി. അതിൽനിന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)സത്യാത്മാവാണെന്ന് മനസ്സിലായി. പിന്നീട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ വായിക്കാൻ തുടങ്ങി. എന്റെ മിക്ക ചോദ്യങ്ങൾക്കും അതിൽ മറുപടി ഉണ്ടായിരുന്നു.' തുടർന്ന് അദ്ദേഹം പറയുന്നു:'ഞാൻ ബയ്അത്ത് ചെയ്ത് ജമാഅത്തിന്റെ ഭാഗമായിത്തീർന്നു.'

കിർഗിസ്ഥാനിൽനിന്ന് ജമാഅത്തിന്റെ സദ്ർ സലാമത്ത് സാഹിബ് പറയുന്നു: 'ഞാൻ ജോലിചെയ്യുന്ന സ്ഥലത്ത് ക്രിസ്ത്യാനിയായ ഒരു റഷ്യൻ സ്ത്രീ ഉണ്ടായിരുന്നു. അവരുമായി മതകാര്യങ്ങളെ സംബന്ധിച്ച് സംസാരമുണ്ടായി. സംസാരമധ്യേ അവർ എന്നോടു പറഞ്ഞു:'എനിക്ക് എന്റെ മതത്തിൽ ഒരു തൃപ്തിയുമില്ല.' അവർക്ക് ഇസ്ലാം-അഹ്മദിയ്യത്തിനെ പരിചയപ്പെടുത്തി. ഇസ്ലാമി ഉസൂൽ കി ഫലാസഫി എന്ന ഗ്രന്ഥവും വായിക്കാൻ നല്കി. അപ്പോൾ അവർ പറഞ്ഞു: 'മതത്തെ കുറിച്ച് എനിക്കെത്രത്തോളം സംശയങ്ങളുണ്ടായിരുന്നുവോ അതിനെല്ലാം ഈ ഗ്രന്ഥത്തിലൂടെ മറുപടി കിട്ടി. എനിക്കു തൃപ്തിയായി. ഇസ്ലാം യഥാർഥവും സത്യസന്ധവുമായ മതമാണ്.' അതിനുശേഷം അവർ ജമാഅത്തിന്റെ കൂടുതൽ ഗ്രന്ഥങ്ങൾ വായിച്ചു. ഇസ്ലാം സത്യമാണെന്നുള്ള വിശ്വാസം അവരിൽ ശക്തി പ്രാപിച്ചു. എത്രത്തോളമെന്നാൽ അവർ ഖാദിയാനിലും പോയി. ബയ്അത്തും ചെയ്തു. ഇപ്പോൾ വസിയ്യത്ത് വ്യവസ്ഥിതിയിലും ചേർന്നു. സത്യം മനസിലാക്കണമെന്ന് ആഗ്രഹമുണ്ടാകുകയും എന്നാൽ, ഒരു വിധത്തിലും തൃപ്തി വരാതിരിക്കുകയും ചെയ്യുന്നവർ മനസിലൊന്നുംവെക്കാതെ അല്ലാഹുവിന്റെ മുമ്പിൽ വിലപിക്കുകയും സന്മാർഗം കിട്ടാൻ ദുആ ചെയ്യുകയും ചെയ്യണമെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞതാണ്. അവരുടെ ഉദ്ദേശ്യം നല്ലതാണെങ്കിൽ അല്ലാഹു മാർഗദർശനം നല്കുമെന്നും അവിടന്ന് പറഞ്ഞു. അത് സ്വപ്നങ്ങളിലൂടെ

യോ മറ്റു വല്ല രീതിയിലോ ആകാം. അങ്ങനെ അല്ലാഹു അഹ്മദിയ്യത്തിന്റെ സത്യം വെളിവാക്കുന്നു. സ്വപ്നങ്ങളുണ്ടായ ചില സംഭവങ്ങളുണ്ട്.

ജർമനിയിൽനിന്ന് ഇബ്റാഹീം ഖാറൂൻ സാഹിബ് എഴുതുന്നു: 'ജമാഅത്തിനെ പരിചയപ്പെട്ടതിനുശേഷം എം.ടി.എ കാണാൻ തുടങ്ങി. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യം അറിയുന്നതിനായി ദുആ ചെയ്തു! ഇസ്തിഖാറയും ചെയ്തു! ഒരു ദിവസം ഇസ്തിഖാറ നമസ്കാരത്തിനുശേഷം ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ഞാൻ സ്വപ്നത്തിൽ കണ്ടു. അദ്ദേഹം തന്റെ വീട്ടിൽനിന്ന് പുറത്തുവരുന്നതായിട്ടാണ് കണ്ടത്. ആ വീടിന്റെ ഭിത്തികളിൽനിന്ന് പ്രകാശകിരണങ്ങൾ പുറപ്പെട്ടുകൊണ്ടിരുന്നു. ഞാൻ ഇഹ്റാം കെട്ടി, അദ്ദേഹത്തിന്റെ വീടിന്റെ ഉമ്മറപ്പടിയുടെ അടുത്ത് നില്ക്കുകയായിരുന്നു. ഞാൻ കുനിഞ്ഞ്  എന്റെ കൈ എന്റെ മുട്ടിന്മേൽ വെച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ)തന്റെ തുറന്ന കൈ എന്റെ തലയിൽ വെച്ചു. ഞാൻ ആ മഹാത്മാവിനോട് 'കേട്ടു, അനുസരിച്ചു' എന്ന് പറയാൻ തുടങ്ങി. പിന്നീട് ഉണർന്നു.അദ്ദേഹം പറയുന്നു: 'അതിനുശേഷം എനിക്ക് ആത്മസംതൃപ്തി ലഭിച്ചു.'

ഇത്തരം സംഭവങ്ങൾ കേട്ട് പഴയകാല അഹ്മദികളും ജന്മനാ അഹ്മദികളുമായ നമ്മുടെ ഉത്തരവാദിത്തം വർധിക്കുകയാണ്. അതായത് നാം നമ്മുടെ അവസ്ഥയിലേക്ക് എപ്പോഴും ദൃഷ്ടി പതിപ്പിച്ചുകൊണ്ടിരിക്കുക. അല്ലാഹുവുമായിട്ട് ബന്ധം സ്ഥാപിക്കുക. നമ്മുടെ കർമപരമായ അവസ്ഥകൾ നന്നാക്കിത്തീർക്കുക. ഞാൻ പറഞ്ഞതുപോലെ നമ്മുടെ അലസതകൾ നമ്മെ അനുഗ്രഹങ്ങളിൽനിന്ന് തടയുന്നതാകാൻ പാടില്ല എന്ന കാര്യം ഓർമിക്കുക. അഹ്മദിയ്യത്തിന്റെ സാർഥവാഹകസംഘം ഇൻശാ അല്ലാഹ് മുന്നോട്ട് ഗമിക്കാനുള്ളതാണെന്നത് അല്ലാഹുവിന്റെ വിധിയാണ്. ഇത് മുന്നോട്ടു ഗമിച്ചുകൊണ്ടേയിരിക്കും. നമ്മളും എപ്പോഴും ഈ സാർഥവാഹക സംഘത്തിന്റെ ഭാഗമായിരിക്കാൻ ഒരുപാട് ശ്രദ്ധിക്കേണ്ട ആവശ്യമുണ്ട്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'ഒന്നോ രണ്ടോ ആളുകൾ മാത്രമുണ്ടായിരുന്ന ആ കാലം. മറ്റാരും ഉണ്ടായിരുന്നില്ല. എന്നാൽ, ഇപ്പോൾ നോക്കൂ! ജനങ്ങൾ കൂട്ടംകൂട്ടമായി വരുന്നു. **യഅ്തൂന മിൻകുല്ലി ഫജ്ജിൻ അമീഖ്** ഇത്രമാത്രമല്ല കാര്യം. പ്രത്യുത ഇതിനുമീതെ മറ്റൊരു അടിക്കുറിപ്പ് ചേർത്തിട്ടുണ്ട്. അതായത് ജനങ്ങളുടെ വരവ് തടയാൻ എതിരാളികൾ കിണഞ്ഞു പരിശ്രമിച്ചു. എന്നാൽ, അവസാനം ആ വാക്യം പൂർത്തിയാകുകതന്നെ ചെയ്തു. ഇപ്പോൾ പുതിയതായി നമ്മുടെ അടുത്ത് വരുന്ന വ്യക്തി ആ ഇൽഹാമിന്റെ ഒരു അടയാളമാകുന്നു. പിന്നീടൊരിക്കൽ പറഞ്ഞു, 'നമ്മുടെ ജമാഅത്തിന്റെ ഈമാൻ ബലഹീനമായിരിക്കാൻ അല്ലാഹു ആഗ്രഹിക്കുന്നില്ല. അല്ലാഹു തന്റെ അനുഗ്രഹത്താൽ ജമാഅത്തിന്റെ ഈമാൻ വർധിപ്പിക്കുന്നതിനായി അടയാളങ്ങൾ വെളിപ്പെടുത്തിക്കൊണ്ടിരിക്കുന്നു. (അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ പരമ്പര ഇന്നും തുടർന്നു വരുന്നു. എന്നാൽ, അടയാളം കണ്ടാലും പാഠം പഠിക്കുകയോ സത്യം തിരിച്ചറിയാൻ ശ്രമിക്കുകയോ ചെയ്യാതെ എതിർപ്പിന് ആക്കം കൂട്ടുന്ന കുറച്ചാളുകളുണ്ട്. അത്തരക്കാർ പന്നീട് ഒരു നാൾ തങ്ങളുടെ പര്യവസാനം കാണുന്നതാണ്.)ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:

'അല്ലാഹു എന്നെ നിയോഗിച്ചിരിക്കുന്നു. അല്ലാഹു എന്നെ അയച്ചിരിക്കുന്നു.' തന്റെ വരവ് അല്ലാഹുവിന്റെ കല്പനയാലാണെന്ന് പറയുന്ന വ്യക്തിക്ക് അല്ലാഹുവിന്റെ സഹായങ്ങളും പിന്തുണകളും ഉണ്ടാകുന്നുണ്ടോ എന്ന് അവർ നോക്കിയിരുന്നെങ്കിൽ(എതിരാളികൾ നോക്കിയിരുന്നെങ്കിൽ)! എന്നാൽ, അവർ അടയാളങ്ങളുടെമേൽ അടയാളം കണ്ടു. എന്നിട്ട് പറഞ്ഞു, കള്ളനാണെന്ന്! അവർ സഹായത്തിനുമേൽ സഹായവും പിന്തുണയ്ക്കുമേൽ പിന്തുണയും കണ്ടു. എന്നിട്ട് പറഞ്ഞു ഇന്ദ്രജാലമാണെന്ന്! മാജിക്കാണെന്ന്! ദൈവവചനത്തെ അപമാനിക്കുന്ന അവരിൽനിന്ന് ഞാൻ എന്ത് പ്രതീക്ഷിക്കാനാണ്. ദൈവ വചനത്തിന്റെ മര്യാദയുടെ തേട്ടമായിരുന്നു അവന്റെ വചനം കേട്ടുടനെ ആയുധം താഴെയിടുക എന്നത്. എന്നാൽ, ഇവർ ദ്രോഹപ്രവർത്തനങ്ങളിൽ തിമിർക്കുകയാണ് ചെയ്തത്. ശുഭപര്യവസാനം ആർക്കാണെന്ന് ഇനി ഇവർ സ്വയം കണ്ടുകൊള്ളും.'

അല്ലാഹു ഈ എതിരാളികൾക്ക് അവരുടെ പര്യവസാനം വേഗം കാണിക്കുമാറാകട്ടെ. അഹ്മദിയ്യത്തിന്റെ സാർഥവാഹകസംഘം إِنْ شَاءَ اللّٰهُ മുന്നോട്ട് ഗമിച്ചുകൊണ്ടേപോകും. ഇതിനെക്കാൾ വേഗത്തിൽ അതിനെ വളർത്തിക്കൊണ്ടു പോകുമാറാകട്ടെ. നമ്മളും എപ്പോഴും അതിന്റെ ഭാഗമായിരിക്കട്ടെ.

മരണപ്പെട്ട ചിലരെ കുറിച്ച് അവസാനം ഹുദൂർ പറഞ്ഞു. ജുമുഅ നമസ്കാരത്തിനുശേഷം അവരുടെ ജനാസ നമസ്കരിപ്പിച്ചു.

Friday Sermon delivered by **Hadrath Khaleefathul Masih Alkhamis** (atba)
at Baithul Futuh,London – on 12.09.14
Summarized by Nazarath Nashr-O-Isha'ath, Qadian
Malayalam Translation : Mau.Mohammad Ismaeel,Alleppey For Malayalam Desk,Qadian.

If Undelivered Please Return To
Nazarath Nashr-O-Isha'ath,
Sadr Anjuman Ahmadiyya
Qadian, 143516,
Gurdaspur-Dt, Punjab-St

To